# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6139** — **10-07-2012 ൽ മറുപടിയ്ക്ക്**

## കവരപ്പറമ്പ് പാടശേഖരത്തിലേയ്ക്ക് ജലസേചനം

**ചോദ്യം**

ശ്രീ.ജോസ് തെറ്റയിൽ

(എ) അങ്കമാലിയിലെ 22 ഏക്കറോളം വരുന്ന കവരപ്പറമ്പ് പാടശേഖരത്തിലേയ്ക്ക് ജലസേചനത്തിനും പാതിവഴിയിലെത്തി നിൽക്കുന്ന സി.സി. കനാൽ ദീർഘിപ്പിച്ച് വെള്ളം ലഭ്യമാക്കുവാനും വൈദ്യുതി കുടിശ്ശികയായതിനാൽ പ്രവർത്തിപ്പിക്കുവാൻ കഴിയാതെ നിലച്ചുപോയ മോട്ടോറും മോട്ടോർഷെഡ്ഡും പുനരുദ്ധരിക്കുവാനും ആവശ്യമായ തുക ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) അങ്കമാലി കൃഷി ഭവൻ പരിധിയിൽ വരുന്ന 22 ഏക്കർ വിസ്തീർണ്ണമുള്ള കവരപറമ്പ് പാടശേഖരത്തിലേയ്ക്ക് വെള്ളം ലഭിക്കുന്നതിന് കാലടി പഞ്ചായത്തിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ വഴി വരുന്ന വെള്ളം അങ്കമാലി മുനിസിപ്പാലിറ്റിയുടെ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന തോടിന്റെ കിഴക്കുവശം വരെ എത്തി നിൽക്കുകയാണ്. ഈ വെള്ളം കവരപറമ്പ് പാടശേഖരത്തിലേയ്ക്ക് എത്തണമെങ്കിൽ മേൽപ്പറഞ്ഞ തോടിന്റെ കുറുകെ പാത്തി സ്ഥാപിച്ച് അതിൽക്കൂടി വെള്ളം മറുവശത്തേയ്ക്ക് കടത്തിവിട്ടാൽ മതിയാകും. ഇത് നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് മൈനർ ഇറിഗേഷൻ വകുപ്പ് എടുത്തിട്ടുള്ളതായി കവരപറമ്പ് പാടശേഖര സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

നിലവിൽ കവരപറമ്പ് പാടശേഖരത്തിൽ സ്ഥാപിച്ചിരിക്കുന്ന 20 എച്ച്.പി മോട്ടോർ പമ്പ് സെറ്റ് പഴക്കമേറി പ്രവർത്തനരഹിതമായിരിക്കുകയാണ്. ടി പമ്പ് സെറ്റ് സ്ഥാപിച്ചിരിക്കുന്ന തോടിൽ വേനൽകാലമായാൽ വെള്ളം വറ്റിപ്പോകുന്നു. ആയതിനാൽ മോട്ടോർ പമ്പ് സെറ്റും ഷെഡ്ഡും പുനരുദ്ധരിച്ചാലും പെട്ടെന്ന് പ്രയോജനം ലഭിക്കുകയില്ല.

മേൽപ്പറഞ്ഞ 20 എച്ച്.പി മോട്ടോർ പമ്പ് സെറ്റ് പ്രവർത്തിപ്പിച്ചതിന് വൈദ്യുതി സൗജന്യം ലഭിക്കുവാൻ ഇതുവരെ അപേക്ഷ നൽകിയിട്ടില്ലാത്തതിനാൽ വൈദ്യുതി സൗജന്യം അനുവദിച്ചിട്ടില്ല. ആയതിനാൽ വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക കൃഷി വകുപ്പിന് അടയ്ക്കുവാൻ കഴിയുന്നതല്ല.

| | | | |
|---|---|---|---|
| (ബി) | എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ? | (ബി) | കനാലിനു കുറുകെ പാത്തി സ്ഥാപിച്ച് സി.സി കനാൽ വരെ ദീർഘിപ്പിച്ച് കാലടി പഞ്ചായത്തിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ വഴി വരുന്ന വെള്ളം കവരപറമ്പ് പാടശേഖരത്തിലെത്തിക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ